(ഇ) എങ്കിൽ ഇക്കാര്യങ്ങൾ പരിഗണിച്ച് തിരക്കുള്ള റൂട്ടിലെ സിറ്റി സർവ്വീസ് ബസുകളിലെങ്കിലും രണ്ടു കണ്ടക്ടറെ പരീക്ഷണാടിസ്ഥാനത്തിൽ നിയോഗിക്കാൻ നിർദ്ദേശം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) എല്ലാ സർവ്വീസുകളും ലാഭത്തിലല്ല ഓപ്പറേറ്റ് ചെയ്യപ്പെടുന്നത്.

(ബി) അറിവുണ്ട്. നഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി) ടിക്കറ്റ് നൽകേണ്ടി വരുന്നതുകൊണ്ടുള്ള സമയ നഷ്ടംമൂലം ട്രിപ്പ് ക്യാൻസൽ ചെയ്യേണ്ടിവരുന്നില്ല.

(ഇ) കോർപ്പറേഷന്റെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിർദ്ദേശം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

11 (*345) റിസർവ് വനങ്ങളുടെ സംരക്ഷണം

ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിസർവ് വനങ്ങൾക്കുള്ളിൽ പൊതുജനങ്ങൾക്ക് അനുമതി കൂടാതെ പ്രവേശനം നൽകുന്നുണ്ടോ;

(ബി) വനങ്ങൾക്കുള്ളിൽ സാഹസികയാത്ര ചെയ്യുവാൻ ഉദ്ദേശിക്കുന്ന സംഘങ്ങൾക്ക് പ്രവേശനാനുമതി നല്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(സി) വനങ്ങൾക്കുള്ളിൽ അനധികൃതമായി പ്രവേശിച്ച് വന്യമൃഗങ്ങളെ വേട്ടയാടുകയും വിലപിടിപ്പുള്ള മരങ്ങൾ കടത്തുകയും ചെയ്യുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വനത്തിനുള്ളിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച എത്ര കേസുകൾ നിലവിലുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) വേനൽ കാലങ്ങളിൽ ഫയർലൈൻ കൃത്യമായി എത്തിക്കാത്തിനാൽ കാട്ടുതീ പടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഇല്ല.

(ബി) ഉണ്ട്. പ്രകൃതിപഠന ബോധവൽക്കരണ സംബന്ധമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നേച്ചർ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് ചില നിയന്ത്രണങ്ങൾക്ക് വിധേയമായി അനുമതി നൽകുന്നുണ്ട്. ഇത്തരം അനുമതി വന നിയമം, വന്യജീവി

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ നിയമം എന്നിവ പാലിയ്ക്കണമെന്ന നിബന്ധനയോടെയാണ് നൽകുന്നത്.

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(1) വനനിയമം വന്യജീവി സംരക്ഷണ നിയമം എന്നിവ കർക്കശമായി നടപ്പിലാക്കുക.

(2) സംരക്ഷണ വിഭാഗം ജീവനക്കാർക്ക് വാഹനം, വാർത്താവിനിമയോപകരണങ്ങൾ, ആയുധം എന്നിവ നൽകി പിൽസ് പരിശോധന ഫലവത്താക്കുക.

(3) ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുക.

(4) ഫ്ളൈയിംഗ് സ്കാഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

(5) വനസംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുടെ ആവശ്യകതയെപ്പറ്റി പൊതുജനങ്ങൾക്ക് അവബോധം നൽകുക.

(6) വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുക.

(7) വനസംരക്ഷണം വന്യജീവിസംരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുക.

(ഡി) 1995 മുതൽ 1998 വരെയുള്ള കാലയളവിൽ 25 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 21 കേസുകൾ ആനവേട്ട സംബന്ധിച്ചതും 4 കേസുകൾ ഇതര വന്യജീവി വേട്ട സംബന്ധിച്ചതുമാണ്.

(ഇ) ഇല്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രശ്നപ്രദേശങ്ങളിൽ മുൻഗണന നൽകി ഫയർലൈൻ എടുക്കുന്നുണ്ട്. കാട്ടുതീ തടയുന്നതിനുള്ള ഇതര മാർഗ്ഗങ്ങളും സ്വീകരിച്ചുവരുന്നു.

12 (*346) ഔഷധ സസ്യങ്ങൾ സംരക്ഷിക്കാൻ നടപടി

ശ്രീ. എ. കണാരൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ അതുല്യങ്ങളായ ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ വനപ്രദേശങ്ങളിൽ കണ്ടുവരുന്ന ഔഷധഗുണമുള്ള നിരവധി സസ്യങ്ങൾ വിദേശങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ ഔഷധ ഗുണമുള്ള സസ്യങ്ങൾ കടത്തിക്കൊണ്ടു പോകുന്നത് തടയാനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; ഇതു സംബന്ധമായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly